**കേരള സർക്കാർ**

നം. 52348/എബി3/08/തസ്വഭവ.

തദ്ദേശ സ്വയം ഭരണ (എബി) വകുപ്പ്,

തിരുവനന്തപുരം: തീയതി: 01/07/2013

# <u>സർക്കുലർ</u>

വിഷയം:- ആഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞതിനു ശേഷം മാത്രമേ ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റുകൾ നൽകാൻ പാട്ടുള്ളൂ എന്ന നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റി (2006-08) 18-ാമത് റിപ്പോർട്ട് - ഖണ്ഡിക 47-ലെ സമിതി ശുപാർശ

......

ഓഡിറ്റ് തടസ്സം നിലനിൽക്കെ അതു പരിഹരിക്കുന്നതിന് മുമ്പ് സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥന് ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകുകയും ഡി.സി.ആർ.ജി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുവാൻ അനുമതി നൽകുകയും ചെയ്യുന്ന പ്രവണത അംഗീകരിക്കാവുന്നതല്ലയെന്നും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം തിരിച്ചു പിടിക്കാതെ നഷ്ടത്തിനുത്തരവാദിയെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്ന ഉദ്യോഗസ്ഥനെ സർവ്വ ആനുകൂല്യങ്ങളും നൽകി വിരമിക്കാനനുവദിക്കുന്നത് ഇപ്രകാരം ക്രമക്കേടുകൾക്കും ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾക്കും പ്രോൽസാഹനമാകുമെന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) 18-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 47-ലെ ശുപാർശയിൽ സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞ ശേഷം മാത്രമേ ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റുകൾ നൽകാൻ പാട്ടുള്ളൂ എന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്: 1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3) ഗ്രാമവികസന കമ്മീഷണർ

4) നഗരകാര്യ ഡയറക്ടർ

5) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

6) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും, സെക്രട്ടറിമാർക്കും

(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

7) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും

(അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ മുഖേന)

8) എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും

9) എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

10) എല്ലാ മുനിസിപ്പൽ ചെയർ പേഴ്സൺമാർക്കും സെക്രട്ടറിമാർക്കും

(നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖേന)

11) നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്

12) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

13) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

14) ധനകാര്യ വകുപ്പ് (96900/ഡെവ.3/11/ധന )

15) ഡയറക്ടർ IKM (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)

16) ഡയറക്ടർ KILA

പകർപ്പ് തദ്ദേശ സ്വയംഭരണ ഡി.എ/ഡിബി/ഡി.ഡി/എഫ്.എം/എസി/എഎ സെക്ഷനുകൾക്ക്.

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ